# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1149.** **13.12.2012 -ലെ മറുപടിക്ക്.**

## തൃശ്ശൂർ മുതൽ വടക്കോട്ടുള്ള ജില്ലകളിലെ ഹയർ സെക്കന്ററി സ്കൂളുകളുടെ വിശദവിവരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കെ. നാണു | ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഹയർ സെക്കന്ററി കോഴ്സിന് സീറ്റ് ലഭിക്കാൻ സാധ്യതകുറവുള്ള തൃശ്ശൂർ മുതൽ വടക്കോട്ടുള്ള ജില്ലകളിൽ പ്രസ്തുത കുറവുപരിഹരിക്കാൻ ഏതെല്ലാം സ്കൂളുകളിൽ ഹയർ സെക്കന്ററി കോഴ്സ് അനുവദിച്ചുവെന്നും, ഏതെല്ലാം സ്കൂളുകളിൽ പുതിയ ഡിവിഷനുകളിൽ പുതിയ ബാച്ചുകൾ അനുവദിച്ചുവെന്നും വ്യക്തമാക്കുമോ; | (എ) 2012- 2013 അദ്ധ്യയന വർഷം പുതുതായി പ്രവർത്തനം തുടങ്ങുന്നതിന് സർക്കാർ അനുമതി നൽകിയ തൃശ്ശൂർ മുതൽ വടക്കോട്ടുള്ള സ്കൂളുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>__തൃശ്ശൂർ__<br>(1) ലിറ്റിൽ ഫ്ളവർ കോൺവെന്റ് എച്ച്. എസ്. എസ് രണ്ട്ബാച്ച് പുതുതായി അനുവദിച്ചു.<br>(2) ഐ. വി. എച്ച്.എസ്.എസ്. & എച്ച്.എസ്.എസ് ഒരുമനയൂർ-2 ബാച്ചുകൾ.<br>__പാലക്കാട്__<br>(1) കെ.പി.എസ്.എം.എം.വി.എച്ച്. എസ്. എസ്.& എച്ച്.എസ്.എസ് വരോട്-2 ബാച്ചുകൾ<br>__മലപ്പുറം__<br>(1) എ.കെ.എം.എച്ച്. എസ്.എസ് കോട്ടൂർ-2 ബാച്ചുകൾ<br><br>പ്ലസ് വൺ സീറ്റുകളുടെ അപര്യാപ്തത പരിഹരിക്കുന്നതിനായി 2012-2013 അദ്ധ്യയന വർഷത്തേക്ക് മാത്രമായി മലപ്പുറം ജില്ലയിലെ 15 ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിലും കോഴിക്കോട് ജില്ലയിലെ 10 ഗവൺമെന്റ് |

ഹയർസെക്കന്ററി സ്കൂളുകളിലും ഓരോ അധിക ബാച്ച് വീതം അനുവദിച്ചിട്ടുണ്ട്.

(ബി) തൃശ്ശൂർ മുതൽ വടക്കോട്ടുള്ള ജില്ലകളിൽ എത്ര സീറ്റുകൾ പുതുതായി ലഭിച്ചു എന്ന് വ്യക്തമാക്കുമോ?

(ബി) 2012-2013 അദ്ധ്യയന വർഷം എയ്ഡഡ് മേഖലയിൽ തൃശ്ശൂർ മുതൽ വടക്കോട്ട് 420 സീറ്റുകളും ഗവൺമെന്റ് മേഖലയിൽ 1500 സീറ്റുകളും (2012-2013 അദ്ധ്യയന വർഷത്തേക്ക് മാത്രം) പുതുതായി ലഭ്യമായിട്ടുണ്ട്.

Tanuja

**സെക്ഷൻ ഓഫീസർ.**